**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1376** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വാഹനങ്ങളുടെ രൂപാന്തരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. എം. വിജിൻ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ എത്തിയാൽ വാഹനങ്ങളുടെ രൂപാന്തരം അനുവദിക്കുമെന്ന് വാഗ്ദാനം നൽകിയിരുന്നോ; എങ്കിൽ വാഹനങ്ങളിൽ ഏതെല്ലാം തരത്തിലുള്ള രൂപാന്തരങ്ങൾക്കാണ് അനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്നും അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 52, കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 112 എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാതെയും യാത്രക്കാരുടെയും വാഹനത്തിന്റെയും സുരക്ഷയെ ബാധിക്കാത്തതുമായ തരത്തിലുള്ള മോഡിഫിക്കേഷൻ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ട്.

**(ബി)** ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഇല്ല.

**(സി)** വാഹന രൂപാന്തരവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ, കോടതികൾ എന്നിവ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നിയമ വിരുദ്ധ വാഹന രൂപാന്തരങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന വ്യാപകമായി പ്രത്യേക എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്തിയിരുന്നു.

1. അത്യാധുനിക ലൈറ്റുകൾ, സൗണ്ട് സിസ്റ്റങ്ങൾ, സുരക്ഷിതമല്ലാത്ത ഇലക്ട്രിക്കൽ മാറ്റങ്ങൾ എന്നിവ വരുത്തുന്നതിനെതിരെ 28/11/2025-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവ് പ്രകാരം 1552 വാഹനങ്ങൾ കണ്ടെത്തുകയും 7,88,350/- രൂപ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിരുന്നു.

2. വാഹനങ്ങളിൽ അനധികൃത ലൈറ്റുകളുടെ ഉപയോഗം സംബന്ധിച്ച് 30/01/2026-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവ് പ്രകാരം 777 വാഹനങ്ങൾക്ക് ചലാൻ നൽകുകയും 25,87,000/-രൂപ പിഴ

ഇനത്തിൽ ഈടാക്കുകയും ചെയ്യു.

**സെക്ഷൻ ഓഫീസർ**